# Athmaraksha.org

സ്വവർഗ്ഗഭോഗം, സ്വവർഗ്ഗവിവാഹം, ദുഷ്ട കൂട്ടുകെട്ടുകൾ

## സ്വവർഗ്ഗഭോഗവും, സ്വവർഗ്ഗവിവാഹവും ദൈവം അനുവദിക്കുന്നില്ല




(റോമാ 1:26-27) അവരുടെ സ്ത്രീകൾ സ്വാഭാവികബന്ധങ്ങൾക്കു പകരം പ്രകൃതിവിരുദ്ധ ബന്ധങ്ങളിലേർപ്പെട്ടു. അതുപോലെ പുരുഷൻമാർ സ്ത്രീകളുമായുള്ള സ്വാഭാവികബന്ധം ഉപേക്ഷിക്കുകയും പരസ്പരാസക്തിയാൽ ജ്വലിച്ച് അന്യോന്യം ലജ്ജാകരകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്തു. തങ്ങളുടെ തെറ്റിന് അർഹമായ ശിക്ഷ അവർക്കു ലഭിച്ചു.

(ലേവ്യർ 18:22) സ്ത്രീയോടുകൂടെയെന്നതുപോലെ പുരുഷനോടുകൂടെ നീ ശയിക്കരുത്. അതു മ്ലേച്ഛതയാകുന്നു.

(ലേവ്യർ 20:13) ഒരുവൻ സ്ത്രീയോടുകൂടെ എന്നപോലെ പുരുഷനോടുകൂടെ ശയിച്ചാൽ ഇരുവരും ഹീനമായ പ്രവൃത്തിയാണു ചെയ്യുന്നത്. അവരെ വധിക്കണം. അവരുടെ രക്തം അവരുടെമേൽ ആയിരിക്കട്ടെ.

(1 കോറിന്തോസ് 6:9-10) അസൻമാർഗികളും വിഗ്രഹാരാധകരും വ്യഭിചാരികളും സ്വവർഗഭോഗികളും കള്ളൻമാരും അത്യാഗ്രഹികളും മദ്യപൻമാരും പരദൂഷകരും കവർച്ചക്കാരും ദൈവരാജ്യം അവകാശമാക്കുകയില്ല.

(ജ്ഞാനം 14:24) തങ്ങളുടെ ജീവിതമോ വിവാഹമോ പാവനമായി സൂക്ഷിക്കുന്നില്ല, പകരം അവർ പരസ്പരം ചതിയിൽ വധിക്കുകയോ വ്യഭിചാരത്താൽ ദുഃഖിപ്പിക്കുകയോ ചെയ്യുന്നു. 15:9 തനിക്കു മരണമുണ്ടെന്നോ തന്റെ ജീവിതം ഹ്രസ്വമെന്നോ അവൻ ചിന്തിക്കുന്നില്ല.

(റോമാ 1:28) ദൈവത്തെ അംഗീകരിക്കുന്നതു പോരായ്മയായി അവർ കരുതിയതുനിമിത്തം, അധ മവികാരത്തിനും അനുചിതപ്രവൃത്തികൾക്കും ദൈവം അവരെ വിട്ടുകൊടുത്തു. 1:32 ഇത്തരം കൃത്യങ്ങൾ ചെയ്യുന്നവർ മരണാർഹരാണ് എന്ന ദൈവകൽപന അറിഞ്ഞിരുന്നിട്ടും അവർ അവ ചെയ്യുന്നു; മാത്രമല്ല, അങ്ങനെ ചെയ്യുന്നവരെ അംഗീകരിക്കുകയും ചെയ്യുന്നു.

(ഏശയ്യാ 45:12) ഞാൻ ഭൂമി ഉണ്ടാക്കി, അതിൽ മനുഷ്യനെ സൃഷ്ടിച്ചു. എന്റെ കരങ്ങളാണ്

ആകാശത്തെ വിരിച്ചത്. ഞാൻ തന്നെയാണ് ആകാശസൈന്യങ്ങളോട് ആജ്ഞാപിച്ചതും.

(മത്തായി 19:5) ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും; അവർ ഇരുവരും ഏകശരീരമായിത്തീരും.

(സുഭാഷിതങ്ങൾ 5:18) നിന്റെ യൗവനത്തിലെ ഭാര്യ, അനുഗൃഹീതയായിരിക്കട്ടെ; അവളിൽ ആനന്ദം കൊള്ളുക.

(സുഭാഷിതങ്ങൾ 12:4) ഉത്തമയായ ഭാര്യ ഭർത്താവിന്റെ കിരീടം; അപമാനം വരുത്തിവയ്ക്കുന്നവൾ അവന്റെ അസ്ഥികളിലെ അർബുദവും.

(സഭാപ്രസംഗകൻ 9:9) സൂര്യനു കീഴേ ദൈവം നിനക്കു നൽകിയിരിക്കുന്ന വ്യർഥമായ ജീവിതം നീ സ്നേഹിക്കുന്ന ഭാര്യയോടൊത്ത് ആസ്വദിക്കുക, കാരണം, അതു നിന്റെ ജീവിതത്തിന്റെയും സൂര്യനു കീഴേ നീ ചെയ്യുന്ന പ്രയത്നത്തിന്റെയും ഓഹരിയാണ്.

(ഉൽപത്തി 22:17) ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിന്റെ സന്തതികളെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽത്തീരത്തിലെ മണൽത്തരിപോലെയും ഞാൻ വർധിപ്പിക്കും. ശത്രുവിന്റെ നഗര കവാടങ്ങൾ അവർ പിടിച്ചെടുക്കും.

(സങ്കീർത്തനങ്ങൾ 37:5) നിന്റെ ജീവിതം കർത്താവിനു ഭരമേൽപിക്കുക, കർത്താവിൽ വിശ്വാസമർപ്പിക്കുക;അവിടുന്നു നോക്കിക്കൊള്ളും.

(നിയമാവർത്തനം 15:16) അവൻ നിന്നെയും നിന്റെ കുടുംബത്തെയും സ്നേഹിക്കുകയും നിന്നോടുകൂടെ താമസിക്കാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നതുകൊണ്ട്, ഞാൻ നിന്നെ പിരിഞ്ഞുപോവുകയില്ല.